സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളുടെ നിയമന അംഗീകാരം

38(727) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങളിൽ നിയമന അംഗീകാരം ലഭിക്കാതെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ സേവനമനുഷ്ഠിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളുടെ നിയമന അംഗീകാരത്തിനായി 46550/കെ/05-ജി : എഡ്യു. ഫയലിൽ എത്ര അദ്ധ്യാപകരുടെ തസ്തികകളാണ് ഉള്ളത് ; ഇവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും വിരമിക്കൽ തീയതിയും, പേരും, വിദ്യാലയത്തിന്റെയും വിദ്യാഭ്യാസ ജില്ലയുടെയും പേര് സഹിതം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഫയലിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത അദ്ധ്യാപക നിയമനം അംഗീകരിക്കാൻ നടപടി സ്വീകരിക്കാമോ ; എപ്പോൾ നിയമന അംഗീകാരം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) സംസ്ഥാനത്തെ വിവിധ എയ്ഡഡ് സ്കൂളുകളിൽ തസ്തികയില്ലാതെ ജോലി ചെയ്തുവരുന്ന 169 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകണമെന്ന ആവശ്യം 46550/കെ.1/05/പൊ.വി. എന്ന ഫയൽ പരിശോധിച്ച് നിരസിക്കുകയും ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ച് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടികളുടെ കുറവുമൂലം ജോലി നഷ്ടപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ

38(728) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളിൽ കുട്ടികളുടെ കുറവുമൂലം ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകരിൽ ഏതു തീയതി വരെ ജോലിയിൽ പ്രവേശിച്ചവർക്കാണ് പ്രൊട്ടക്ഷൻ നൽകുന്നത് ;

(ബി) ഇതു സംബന്ധിച്ച ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത് ;

(സി) ഉത്തരവ് തീയതിയും ഇഫക്ടീവ് തീയതിയും തമ്മിൽ അന്തരമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ആനുകൂല്യം ഉത്തരവ് തീയതിവരെയുള്ളവർക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പിൽ വരുമ്പോൾ ജോലി നഷ്ടപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകുമോ ; എങ്കിൽ അതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(എഫ്) എയ്ഡഡ് സ്കൂളുകളിൽ നിയമിതരായിട്ടുള്ള അദ്ധ്യാപകർക്ക് അംഗീകാരം ലഭിക്കുന്നതിന് പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥക്കെതിരെ മാനേജ്മെന്റുകൾ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണ് ; ഹൈക്കോടതിയുടെ അന്തിമവിധിക്ക് അനുസൃതമായി പ്രവർത്തിക്കാമെന്ന് ഉറപ്പ് നൽകുന്ന മാനേജ്മെന്റുകളുടെ കീഴിലെ അദ്ധ്യാപകർക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 14-7-1997 വരെ റെഗുലർ തസ്തികകളിൽ നിയമനം ലഭിച്ചവർക്കാണ് പ്രൊട്ടക്ഷൻ നൽകുന്നത്.

(ബി&സി) 14-7-1997 വരെ റെഗുലർ സർവ്വീസിൽ പ്രവേശിച്ചവർക്ക് സംരക്ഷണാനുകൂല്യം നൽകാൻ ഉത്തരവായത് 29-9-1999-ലെ ജി.ഒ.(പി)നമ്പർ 240/99/പൊ.വി. പ്രകാരമാണ്.

(ഡി) പരിശോധിച്ചു വരുന്നു.

(ഇ) കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(എഫ്) ഉണ്ട്. സർക്കാർ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. അന്തിമവിധി ആയിട്ടില്ല. 12-1-2010-ലെ ജി.ഒ.(പി)നമ്പർ 10/10/പൊ.വി. ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നൽകുന്ന സമ്മതപത്രത്തിൽ ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി പ്രവർത്തിക്കാമെന്ന് ഉറപ്പുനൽകിയിട്ടുള്ള മാനേജുമെന്റുകൾ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ നിയമനം

40(729) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് കണക്ക് (മലയാളം മീഡിയം) തസ്തികയിൽ എത്ര അദ്ധ്യാപകരെ പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly